# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2054 07.03.2017 — ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ റേഷൻ കാർഡ് അച്ചടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. എ.നെല്ലിക്കുന്ന് : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) | റേഷൻ കാർഡ് പുതുക്കലിനുള്ള അന്തിമ മുൻഗണനാ പട്ടിക നൽകാനുള്ള സമയപരിധി എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) 08.03.2017 വരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണനാ പട്ടിക അംഗീകരിച്ച് തിരികെ നൽകാനുള്ള സമയ പരിധിയായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | മുൻഗണനാ വിഭാഗത്തിലുള്ള റേഷൻ കാർഡുടമകളുടെ പട്ടിക, കാസർഗോഡ് ജില്ലയിൽ സിവിൽ സപ്ലൈസ് വകുപ്പ്, തദ്ദേശസ്ഥാപനങ്ങൾക്ക നൽകിയിട്ടുണ്ടോ; | (ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി മുൻഗണനാ പട്ടിക നൽകിയിട്ടുണ്ട്. |
| (സി) | ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ പ്രസ്തുത പട്ടിക പരിശോധിച്ച്, അംഗീകരിച്ച തിരികെ നൽകിയിട്ടുണ്ടോ; തിരികെ നൽകിയതും നൽകാത്തതുമായ കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അന്തിമ മുൻഗണനാ പട്ടികയുടെ അംഗീകാരത്തിനായി കാസർഗോഡ് ജില്ലയിലെ 38 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും 3 മുനിസിപ്പാലിറ്റികളിലും നിശ്ചിത സമയത്ത് തന്നെ നൽകിയിരുന്നു. കാസർഗോഡ് മുനിസിപ്പാലിറ്റി, കാറഡുക്ക ഗ്രാമപഞ്ചായത്ത്, പൈവളിക ഗ്രാമ പഞ്ചായത്ത് എന്നിവർ പട്ടിക അംഗീകരിച്ച് നൽകിയിട്ടുണ്ട്.<br>പട്ടിക സംബന്ധിച്ച കൂടുതൽ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | റേഷൻ കാർഡ് അച്ചടി കാസർഗോഡ് ജില്ലയിൽ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | റേഷൻ കാർഡിന്റെ ഉൾ പേജുകളുടെ അച്ചടി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഇ) | കാസർഗോഡ് ജില്ലയിൽ എത്ര കാർഡുടമകളാണ് മുൻഗണനാ ലിസ്റ്റിലുള്ള തെന്ന് വ്യക്തമാക്കാമോ; | (ഇ) | കാസർഗോഡ് ജില്ലയിൽ 1,22,457 പേരാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (എഫ്) | അന്ത്യോദയ അന്ന യോജന (എ.എ.വൈ.) പ്രകാരം മാരക രോഗങ്ങളുള്ളവരെ ലക്ഷ്യമാക്കിയുള്ള, സംസ്ഥാന മുൻഗണനാ വിഭാഗം എന്നിവയടക്കം കാസർഗോഡ് ജില്ലയിൽ എത്ര കാർഡുടമകളാണുള്ളതെന്ന് വ്യക്തമാക്കാമോ? | (എഫ്) | കാസർഗോഡ് ജില്ലയിൽ 28,374 എ.എ.വൈ. കാർഡുകളും, 94,083 മുൻഗണനാ കാർഡുകളും ഉൾപ്പെടെ 1,22,457 കാർഡ് ഉടമകളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നത്. മാരക രോഗങ്ങൾ ലക്ഷ്യമാക്കിയുള്ള 8,203 സ്റ്റേറ്റ് പ്രയോറിറ്റി കാർഡുകളും, നോൺ പ്രയോറിറ്റി സബ്സിഡി വിഭാഗക്കാരായി 65,327 പേരും. നോൺ പ്രയോറിറ്റി കാർഡ് ഉടമകളായ 89,043 ഉൾപ്പെടെ 1,54,370 കാർഡുകളും അടക്കം ആകെ 2,76,827 കാർഡ് ഉടമകളാണ് കാസർഗോഡ് ജില്ലയിൽ ഉൾപ്പെട്ടിട്ടുള്ളത്. |

*സെക്ഷൻ ഓഫീസർ*